പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1659 — 11-02-2013 – ൽ മറുപടിയ്ക്ക്

പോളച്ചിറ ഏലായിൽ നബാർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മ ഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പോളച്ചിറ ഏലായിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കിവരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ ; പദ്ധതി പ്രവർത്തനം പൂർത്തീകരിക്കേണ്ടുന്നത് എന്നാണ്; | (എ) കൺവെർട്ട് വിത്ത് ട്രാക്ടർ പാസ്സേജിന്റെ 3 Nos. ന്റെ പണി പൂർത്തീകരിച്ചു. ക്രോസ് ബാർ കൺവെർട്ട് ടൈപ്പ് A യുടെ 75% പണി പൂർത്തീകരിച്ചിട്ടുണ്ട്. സൈഡ് പാർശ്വ ഭിത്തി നിർമ്മാണം 25% പൂർത്തീകരിച്ചിട്ടുണ്ട്. തോടിന്റെ ആഴം കൂട്ടൽ പ്രവർത്തനം നടന്നുവരുന്നു. പദ്ധതിയുടെ കാലാവധി 2014 മാർച്ച് 31 വരെയാണ്. |
| (ബി) അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടുന്ന സാധന സാമഗ്രികളുടെ വിലവർദ്ധനവ് പരിഗണിച്ച് നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കൺവീനർ നൽകിയ നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേലുള്ള നടപടി എന്തായെന്ന് അറിയ്ക്കുമോ? | (ബി) ലഭിച്ചിരുന്നു. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പ്രോജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൃഷിവകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ചതിനുശേഷം ആയത് ധനകാര്യ വകുപ്പ് മുഖാന്തിരം നാബാർഡിന് സമർപ്പിച്ച് അംഗീകാരം ലഭിച്ചാൽ മാത്രമെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ